**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1375** **11-09-2023 - ൽ മറുപടിയ്ക്ക്**

**പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | നബാർഡ് ആർ.ഐ.ഡി.എഫ് XX ട്രാഞ്ചയിൽ ഉൾപ്പെടുത്തി 14.01.2015- ൽ പൊതുമരാമത്ത് വകുപ്പ് 1690 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും, 19.12.2018- ൽ 24.46 കോടി രൂപയ്ക്ക് പുതുക്കിയ ഭരണാനുമതിയും ലഭിച്ച വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിജസ്ഥിതി വിശദമാക്കാമോ:; | (എ) | പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം 78% നിർമ്മാണ പ്രവൃത്തികൾ ഇതുവരെ പൂർത്തീകരിച്ചു. പാലത്തിന്റെ ഫൗണ്ടേഷൻ സബ് സ്ട്രക്ചർ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ 8 സ്പാനുകളിലെ 3 സ്ലാബുകളുടെയും 24 ബീമുകളിൽ 20 ബീമുകളുടെയും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>31/03//2022 ൽ നബാർഡ് ട്രാഞ്ചെ അവസാനിച്ചിരുന്നു. നബാർഡ് ട്രാഞ്ചെ കാലാവധിക്ക് ശേഷം ചെയ്യേണ്ട പ്രവൃത്തിയുടെ തുക സംസ്ഥാന ഫണ്ടിൽ നിന്നും അനുവദിക്കണമെന്നാവശ്യപ്പെട്ട് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിലേക്ക് കത്ത് സമർപ്പിച്ചിരുന്നു. ടി കരാറുകാരന് തന്നെ പ്രവൃത്തി നൽകികൊണ്ട് പുതുക്കിയ ഭരണാനുമതി ഉള്ളതിനാൽ കരാറുകാരൻ പ്രവൃത്തി തുടർന്നുകൊണ്ട് പോവുകയായിരുന്നു. ട്രാഞ്ചെ കാലാവധിക്കു ശേഷം ചെയ്ത പ്രവൃത്തികളുടെ 2 പാർട്ട് ബില്ലുകൾ (CC 12 & part & CC 3 & part ) സമർപ്പിച്ചിരുന്നു. അതിൽ ഒന്നിന്റെ തുകയ്ക്ക് (12 part bill) 15/07/2023 ൽ LOC അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ പ്രിൻസിപ്പൾ എഗ്രിമെന്റ് പ്രകാരം 5% VAT ഉൾപ്പെടുത്തിയാണ് ഉടമ്പടി വെച്ചത്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കുമ്പോൾ 18% GST അനുവദിച്ച് തരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു മാസത്തോളമായി കരാറുകാരൻ പ്രവൃത്തി നിർത്തി വെച്ചിരിക്കുകയാണ്. സ്ഥലമേറ്റെടുപ്പ് നടപടികൾക്കായി കണ്ടിജൻസി ചാർജ്ജായി 13,98,525/- രൂപ 25/07/2023 ൽ എൽ.എ തഹസിൽദാർക്ക് കൈമാറിയിട്ടുണ്ട്. |
| (ബി) | പാലത്തിന്റെ ഡിസൈൻ വ്യത്യാസം മൂലം ഉണ്ടായ അധിക തുക സംസ്ഥാന സർക്കാർ വഹിക്കാമെന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ | (ബി) | പൊതുമരാമത്ത് (സി) വകുപ്പിന്റെ C2/363/2022 നമ്പർ ഫയൽ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്. |

| | | | |
|---|---|---|---|
| | ഫണ്ടിനായി സമർപ്പിച്ച റിപ്പോർട്ട് സംബന്ധിച്ച സി2/363/2022 നമ്പർ ഫയലിൽ തീരുമാനം എടുക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; | | |
| (സി) | കാലതാമസത്തിന് കാരണം ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രസ്തുത ഫയലിൽ തീരുമാനം ഏടുക്കുന്നതിൽ നേരിടുന്ന കാലതാമസം പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ തടസം സൃഷ്ടിക്കുന്നതിനാൽ നിർമ്മാണ പ്രവർത്തനത്തിന് ആവശ്യമായ അധിക തുക അനുവദിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കാമോ? | (സി) | പൊതുമരാമത്ത് (സി) വകുപ്പിന്റെ C2/363/2022 നമ്പർ ഫയൽ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ